# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6616

### 09-11-2016 ൽ മറുപടിക്ക്

## കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബിൽ

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബില്ലിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പൊതുമേഖലയിലുള്ള സ്ഥാപനങ്ങളെ മാത്രം കൺസെഷൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;<br>(ബി) സ്വകാര്യ മേഖലയെയും സ്വകാര്യ വ്യക്തികളെയും പൂർണ്ണമായും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | റോഡുകൾ, പാലങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, വിവര സാങ്കേതിക വിദ്യ ഊർജ്ജം, വ്യവസായം മുതലായ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും അതിനുള്ള വിഭവ സമാഹരണം കണ്ടെത്തുന്നതിനും 2016-17 പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലൂടെ സംസ്ഥാന സർക്കാർ നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ഇതിന്റെ വിജയകരമായ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി PPP പദ്ധതികളുൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും, ധനസഹായത്തിനും കിഫ്ബിയെ കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കാൻ ഈ ബഡ്ജറ്റ് നിർദ്ദേശിച്ചിട്ടുണ്ട്. ജനറൽ ഒബ്ളിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ, AIF Category-I, InVIT മുതലായവയിലൂടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ആവശ്യങ്ങൾക്കുള്ള ഫണ്ട് സമാഹരിക്കുന്നതിനും SEBI, RBI തുടങ്ങിയ |

| | |
|---|---|
| | ധനകാര്യ നിയന്ത്രണ സംവിധാനങ്ങൾ വിഭവ സമാഹരണത്തിനും കടമെടുക്കലിനും നിശ്ചയിച്ചിട്ടുള്ള നിയമ വ്യവസ്ഥകളിലെ മാറ്റങ്ങൾ, സർക്കാരിന്റെ ഈ മേഖലയിലെ പുതിയ നയ സമീപനങ്ങൾ എന്നിവ ഉൾക്കൊള്ളിക്കുന്നതിനും പര്യാപ്തമായ രീതിയിൽ 1999 ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭേദഗതി ചെയ്ത കിഫ് നിയമത്തിലെ 2-ാം വകുപ്പനുസരിച്ച് കൺസെഷനർ എന്നാൽ ഒരു പൊതു സ്വകാര്യ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരു സ്വകാര്യ മേഖലാ പങ്കാളി എന്നർത്ഥമാകുന്നു. വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭീമമായ വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. മോട്ടോർ വാഹന നികുതി, പെട്രോളിന്മേലുള്ള സെസ്സ് എന്നിവയുടെ ഒരു വിഹിതം ബഡ്ജറ്റിലൂടെ കിഫ്ബിക്ക് ഉറപ്പാക്കിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന്റെ ഭൗതികവും, സാമൂഹികവുമായ അടിസ്ഥാന സൗകര്യ വികസനത്തിന് ഇത് പര്യാപ്തമല്ല. ആയതിനാൽ മേൽ പറഞ്ഞ PPP പദ്ധതികൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതു ഏജൻസിയോ, കേന്ദ്ര സർക്കാരോ കേന്ദ്ര സർക്കാരിന്റെ ഒരു പൊതു മേഖലാ സംരംഭമോ അല്ലാതെയുള്ള ഏതെങ്കിലും ആൾ/സ്ഥാപനം . കൺസെഷനറായി ഉൾപ്പെടുത്തേണ്ടതുണ്ട്. |
| (സി) പൊതു ഏജൻസികളായ സ്ഥാപനങ്ങൾക്ക് കിഫ്ബിയിൽ പരിഗണന നൽകുന്ന തരത്തിൽ നിയമം പരിഷ്കരിക്കുമോ; | ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 ലെ 6 എഫ് വകുപ്പ് പ്രകാരം സംസ്ഥാനത്ത് വികസിപ്പിക്കേണ്ടതോ, പരിപാലിക്കേണ്ടതോ, പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടതോ ആയ ഒരു |

| | |
|---|---|
| | പ്രോജക്റ്റ് ബോർഡ് തിരഞ്ഞെടുക്കുകയോ, വിഭാവനം ചെയ്യുകയോ ചെയ്യുമ്പോൾ ബോർഡിന് സ്വമേധയാലോ നടത്തപ്പെടേണ്ടതായ ഒരു പഠനത്തിന്റെയോ, സർവ്വേയുടെയോ അടിസ്ഥാനത്തിലോ ഒരു മൂന്നാം കക്ഷിയിൽ നിന്നും ലഭിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തലോ അതുമായി ബന്ധപ്പെട്ട പൊതു ഏജൻസിയുടെ അഭിപ്രായങ്ങൾ ആരായാവുന്നതാണ്. പൊതു മേഖല വഴി നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ള ഒരു പ്രോജക്റ്റ് സംബന്ധിച്ച് പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി ബോർഡ് ഒരു പൊതു ഏജൻസിയെയാണ് നിയോഗിക്കേണ്ടത്. ആയതിനാൽ ഭേദഗതി പ്രകാരം പൊതു ഏജൻസികൾക്ക് മതിയായ പരിഗണന നൽകിയിട്ടുണ്ട്. |
| **(ഡി)** കിഫ്ബി 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബില്ലിൽ പറഞ്ഞിരിക്കുന്ന സ്വകാര്യ മേഖല പങ്കാളികളെ നിശ്ചയിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും വിദേശ കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്നുമുള്ള വിശദമായ വിവരം ലഭ്യമാക്കുമോ? | പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള പദ്ധതികൾ പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ സ്വകാര്യ മേഖലാ പങ്കാളിയെ നിശ്ചയിക്കുകയുള്ളൂ. ഓരോ പദ്ധതിയും പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചായിരിക്കും ഇത് നിശ്ചയിക്കുക. |

**സെക്ഷൻ ഓഫീസർ**